മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline)
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/310/2022-E3 തീയതി : 29-01-2026

## വിജ്ഞാപനം

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ പരമാവധി അഞ്ച് സംസ്ഥാനതല ക്വാളിറ്റി മോണിട്ടർമാരെ എം പാനൽ ചെയ്യുന്നതിനായി ചുവടെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

| | |
|---|---|
| യോഗ്യത | തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ, പൊതുമരാമത്ത്, മണ്ണ് ജല സംരംക്ഷണം തുടങ്ങി വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത തസ്തികയിൽ വിരമിച്ചവർ |
| പ്രായം | 65 വയസ്സിൽ താഴെ |
| നിയമന രീതി | നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി എം പാനൽ ചെയ്യുന്നതാണ് |
| ഓണറേറിയം | ഒരു ദിവസത്തെ സൈറ്റ് വിസിറ്റിനു 1920/- രൂപ എന്ന നിരക്കിൽ ഒരു മാസം പരമാവധി 28,800/- രൂപ + സർക്കാർ ക്ലാസ് -1 കാറ്റഗറി ഉദ്യോഗസ്ഥൻറെ അർഹതക്കനുസൃതമായ ദിന ബത്തയും യാത്രാ ബത്തയും. |

സംസ്ഥാന തല ക്വാളിറ്റി മോണിട്ടർമാരുടെ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ വിശദമായ ബയോഡേറ്റ (മാതൃക ഉള്ളടക്കം ചെയ്യുന്നു), യോഗ്യത, പ്രവൃത്തി പരിചയം, വയസ്, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

അപേക്ഷകൾ 16.02.2026 വൈകിട്ട് 5 മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2314385, 0471-2313385 എന്നീ ഫോൺ നമ്പരുകളിൽ ഓഫിസ് പ്രവൃത്തി ദിനങ്ങളിൽ 10.15 AM മുതൽ 5.15 PM വരെ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

Digitally signed by
RANJITH D I A S
Date: 29-01-2026
16:53:17

MISSION DIRECTOR

## ബയോഡേറ്റ

പേര് :

മേൽ വിലാസം :

ഫോൺ നം. :

ഇ-മെയിൽ ഐ.ഡി :

വയസ്, ജനനതീയതി :

യോഗ്യത

(സർട്ടിഫിക്കറ്റുകൾ ഉള്ളടക്കം ചെയ്യുക) :

സേവനമനുഷ്ഠിച്ചിരുന്ന സർക്കാർ

വകുപ്പ്/സ്ഥാപനം :

സർവീസ്സിൽ നിന്നും വിരമിക്കുമ്പോൾ

വഹിച്ചിരുന്ന തസ്തിക :

പ്രവൃത്തി പരിചയ മേഖല/കൾ :

സത്യവാങ്മൂലം സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ എൻറെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പേര്:

ഒപ്പ് :

സ്ഥലം :

തീയതി :

## സേവന വ്യവസ്ഥകൾ

1) സംസ്ഥാന ക്വാളിറ്റി മോണിറ്റർമാരായി നിയമിക്കപ്പെടുന്നവർ മിഷൻ ഡയറക്ടറുടെ പൂർണ്ണ നിയന്ത്രണത്തിലാവും പ്രവർത്തിക്കേണ്ടത്.

2) സംസ്ഥാന ക്വാളിറ്റി മോണിറ്റർമാർ മിഷൻ ഡയറക്ടർ നിർദേശിക്കുന്ന പ്രവൃത്തികൾ പരിശോധിക്കാൻ ബാധ്യസ്ഥനായിരിക്കും.

3) എം.പാനൽ ചെയ്യപ്പെടുന്നവർ സംസ്ഥാനത്ത് നടക്കുന്ന തൊഴിലുറപ്പ് പ്രവൃത്തികളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന സാധാരണ പ്രവൃത്തികളുടെയും, 10 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന മേസണറി പ്രവൃത്തികളുടെയും 10% മോണിട്ട റിംഗ് റിങ്ങിനും, ഇവാല്യുവേഷനും വിധേയമാക്കേണ്ടതാണ്.

4) ഓരോ പ്രവൃത്തികളുടെയും മോണിട്ടറിങ്ങ് , പ്രവൃത്തി നടക്കുന്ന അവസരത്തിലും, പ്രവൃത്തി പൂരത്തിയാക്കിയ ശേഷവും നടത്തേണ്ടതാണ്.

5) മാസത്തിൽ പരമാവധി 15 ദിവസം ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് മിഷൻ ഡയറക്ടർക്ക് നൽകേണ്ടതാണ്.

6) മോണിട്ടർ ചെയ്യുന്ന അവസരത്തിൽ പ്രവൃത്തികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും സാങ്കേതിക ഉപദേശങ്ങളും ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

7) പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ, അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവ അടങ്ങിയ വിശദമായ റിപ്പോർട്ടാണ് മിഷൻ ഡയറക്ടർക്ക് നൽകേണ്ടത്.

മേൽ സേവന വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം സംസ്ഥാന ക്വാളിറ്റി മോണിട്ടർമാരെ എം.പാനലിൽ നിന്നും നീക്കം ചെയ്യാൻ മിഷൻ ഡയറക്ടർക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.